## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2801 — 20-06-2013 ൽ മറുപടിയ്ക്ക്

## കരാർ ലംഘനം നടന്നിട്ടുള്ള തോട്ടങ്ങളും വനഭൂമിയും തിരിച്ച് പിടിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. ദിവാകരൻ** | | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു മുഖ്യമന്ത്രി)** | |
| (എ) | പാട്ടക്കാലാവധി കഴിഞ്ഞതും കരാർ ലംഘനം നടന്നിട്ടുള്ളതുമായ തോട്ടങ്ങളും വന ഭൂമിയും തിരിച്ച് പിടിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയ തോട്ടങ്ങളിൽ കാലാവധി കഴിഞ്ഞ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക്/കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയ വനഭൂമിയിൽ, കാലാവധി കഴിഞ്ഞ, തോട്ടങ്ങളായി പരിപാലിച്ചുവരുന്നവയുടെ പാട്ടക്കാലാവധി പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാട്ടക്കരാറിന്റെ ലംഘനം നടത്തിയ മിക്ക സ്വകാര്യ തോട്ടങ്ങളും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ കോടതിയിൽ സ്റ്റേ ഉള്ളതിനാൽ ചില സ്വകാര്യ തോട്ടങ്ങൾ തിരിച്ചെടുക്കാനായിട്ടില്ല. പാട്ടക്കരാർ ലംഘനം നടത്തിയ മറ്റ് ചില സ്വകാര്യ തോട്ടങ്ങളുടെ ക്കാര്യത്തിൽ, അവ തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഭീമമായ പാട്ടകുടിശ്ശിക യുള്ളവ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്താണ്? | (ബി) | ഭീമമായ പാട്ടകുടിശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ പാട്ടത്തിന് നൽകിയ ഭൂമിയിൽ പ്രവേശിക്കുന്നത് തടഞ്ഞുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ